തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റ്

22 (4077) ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-5-2010-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവു കളാണ് റിപ്പോർട്ട് ചെയ്തത് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ആകെ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത് ;

(സി) പെൻഷൻ പ്രായം ഏകീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വേക്കൻസികൾ മുൻപേ റിപ്പോർട്ട് ചെയ്യണം എന്നതിനാൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിൽ ഉണ്ടാകുന്ന എത്ര വേക്കൻസികളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-5-2010-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റിൽ നിന്നും നിയമനത്തിനായി 70 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 70 ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) 55 വയസ്സിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവന ക്കാർക്കാണ് പെൻഷൻ പ്രായം ഏകീകരണം ബാധകമാക്കിയിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 58 വയസ്സാണ്. സഹകരണ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം ഏകീകരിച്ചിട്ടില്ലാത്തതിനാൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിലുണ്ടാകുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതല്ല.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

23 (4078) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ അവയിൽ എത്ര സ്ഥാപനങ്ങൾ ഏതെല്ലാം സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട് ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പും വന്നതിനുശേഷവും ഉള്ളവ തരംതിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly